## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 58** **08.08.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ആൻസലൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. വി. അബ്ദുറഹിമാൻ : | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട സംസ്ഥാനമായിമാറിയതിന്റെ ഫലമായി വൈദ്യുതി ഉപഭോഗത്തിലുണ്ടായ വർദ്ധന കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി നൽകിയ വൈദ്യുത കണക്ഷനുകൾ മൂലം വാർഷിക വൈദ്യുതി ഉപഭോഗത്തിൽ ഏകദേശം 40 ലക്ഷത്തോളം യൂണിറ്റ് വർദ്ധനയുണ്ടാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (ബി) | ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള ഫണ്ട് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ, പദ്ധതിയ്ക്ക് നൽകിയ 174 കോടിയുടെ ഭരണാനുമതി പ്രകാരം ഒരു മണ്ഡലത്തിൽ പ്രതീക്ഷിക്കുന്ന ചെലവിന്റെ 50% (പരമാവധി ഒരു കോടി രൂപ) എന്ന നിരക്കിൽ 63.82 കോടി രൂപ കെ. എസ്. ഇ. ബി എൽ വഹിക്കാനും ബാക്കി ആവശ്യമുള്ള 110.18 കോടി രൂപ തദ്ദേശ സ്വയംഭരണ, പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമവകുപ്പുകൾ, നിയമസഭാംഗങ്ങ ളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, ജന പ്രതിനിധികളുടെ മറ്റ് ഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സഹായ നിധി എന്നിവ വഴി കണ്ടെത്താനാണ് തീരുമാനിച്ചത്.<br>01.08.2017 ലെ കണക്കുകൾ പ്രകാരം 127 എം.എൽ.എ മാരിൽ നിന്നായി 36.88 കോടി രൂപ പദ്ധതിക്കായി നൽകുന്നതിനുള്ള ഉറപ്പ് ലഭിച്ചതിൽ 32.38 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്ന് 11.78 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് |

| | | | |
|---|---|---|---|
| | | | 11.50 കോടി രൂപയും ലഭിക്കുന്നതിനുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ട്. ഇതിൽ 3.59 കോടി രൂപ ലഭിച്ചിട്ടുണ്ട്. എം. പി. ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ വിഹിതത്തിൽ സാധ്യതക്കനുസരിച്ച് കേന്ദ്ര സർക്കാർ വിഹിതമായ DDUGJY ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വൈദ്യുതി വിതരണ ലൈൻ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാൻ സാധിക്കാതെ വന്ന പ്രദേശങ്ങളിലെ വീട്ടുകളിൽ സോളാർ അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ച് വൈദ്യുതി എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത ഉൾപ്രദേശങ്ങളിലുള്ള കോളനികളിൽ വികേന്ദ്രീകൃത വൈദ്യുതോൽപാദനവും വിതരണവും (DDG) പദ്ധതി സംവിധാനത്തിലൂടെയാണ് വൈദ്യുതി എത്തിച്ചത്.<br><br>സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിലെ വൈദ്യുതി എത്താത്ത മേഖലകളിൽ സോളാർ പാനൽ ഉപയോഗിച്ച് ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കാൻ നടപടികളെടുക്കുകയും, വൈദ്യുതി വിതരണ ലൈൻ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാൻ സാധിക്കാതെ വന്ന പ്രസ്തുത പ്രദേശങ്ങളിലെ വീട്ടുകളിൽ സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം, സോളാർ റാന്തലുകൾ. സോളാർ പവർപ്ലാന്റുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തു. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ 1620 വീട്ടുകളിലും, വയനാട് ജില്ലയിൽ 12 വീട്ടുകളിലും പാലക്കാട് ജില്ലയിൽ 539 വീട്ടുകളിലും സോളാർ ഹോംലൈറ്റിംഗ് സിസ്റ്റവും സോളാർ റാന്തലുകളും സ്ഥാപിച്ചു. കൂടാതെ പാലക്കാട് ജില്ലയിൽ 5 വീട്ടുകൾക്കായി 2 സോളാർ പവർപ്ലാന്റുകൾ സ്ഥാപിച്ചു |
| (ഡി) | വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതു മൂലവും കോടതി ഇടപെടലുകൾ തുടങ്ങിയ കാരണങ്ങളാലും കണക്ഷൻ ലഭിക്കാത്ത വീട്ടുകളിൽ അത്തരം പ്രശ്നങ്ങൾ പരിഹരിച്ച് വൈദ്യുതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | വന പ്രദേശങ്ങളിൽ താമസിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി വനത്തിനുള്ളിൽകൂടി വൈദ്യുതി ലൈൻ വലിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിരുന്നു. അനുമതിയ്ക്കായി വിവിധ നടപടിക്രമങ്ങൾ പാലിച്ച് അപേക്ഷ സമയബന്ധിതമായി നൽകുകയും പരമാവധി വേഗത്തിൽ അനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മറ്റു ഉടമസ്ഥരുടെ വസ്തുക്കളിൽ കൂടി ലൈൻ വലിച്ച് കണക്ഷൻ കൊടുക്കേണ്ട സാഹചര്യങ്ങളിൽ ഉടമയുടെ സമ്മതം ലഭിക്കാത്ത പക്ഷം തർക്കത്തിൽ തീർപ്പ് കൽപ്പിക്കാൻ അധികാരപ്പെട്ട റവന്യൂ വകുപ്പിന്റെ സഹകരണം ആവശ്യമായിരുന്നു.<br>കോടതി വ്യവഹാരം നിലനിൽക്കുന്ന സാഹചര്യങ്ങളിൽ അതിന്റെ വിധി വന്ന ശേഷം മാത്രമേ റവന്യൂ വകുപ്പിന് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമായിരുന്നുള്ളൂ.<br>പ്രസ്തുത നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടപ്പാക്കുന്നതിനായി യോഗങ്ങൾ വിളിച്ചു കൂട്ടുകയും പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട അനുമതികൾക്ക് അടിയന്തിര പ്രാധാന്യം നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**